പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

1277/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ഏപ്രിൽ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 8-ാം വകുപ്പിനുള്ള ഭേദഗതി.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2008-ലെ 18) 8-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിൽ "മൂന്ന്" എന്ന വാക്കിനു പകരം "രണ്ട്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ "മൂന്നോ" എന്ന വാക്കിനു പകരം "രണ്ടോ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (4)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, അങ്ങനെ രൂപീകരിക്കപ്പെടുന്ന ബെഞ്ചിൽ കമ്മീഷൻ അംഗമായ ഒരു മത്സ്യത്തൊഴിലാളി പ്രതിനിധി മാത്രമേ ഉണ്ടാകുവാൻ പാടുള്ളൂ.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 41) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2008-ലെ 18) 8-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ്, സിറ്റിംഗിനുള്ള കമ്മീഷന്റെ ക്വാറം മൂന്ന് ആണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, കമ്മീഷന് ഉചിതമെന്ന് തോന്നുന്ന സംഗതിയിൽ മൂന്നോ അതിലധികമോ അംഗങ്ങൾ ഉൾപ്പെടുന്ന ബെഞ്ച് രൂപീകരിച്ചുകൊണ്ട് ജില്ലകളിൽ സിറ്റിംഗ് നടത്തുവാൻ കമ്മീഷനെ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് കമ്മീഷന്റെ അംഗസംഖ്യ അഞ്ച് ആയി നിജപ്പെടുത്തിയിട്ടുള്ളതിനാൽ 8-ാം വകുപ്പിലെ (3)-ഉം (4)-ഉം ഉപവകുപ്പുകൾക്കനുസൃതമായി ബെഞ്ച് രൂപീകരിച്ച് ജില്ലകളിൽ സിറ്റിംഗ് നടത്തുന്നത് സാദ്ധ്യമല്ലാത്തതാണ്. അപ്രകാരം ബെഞ്ച് രൂപീകരിക്കുന്നതിന്, സിറ്റിംഗിനുള്ള ക്വാറം മൂന്നിൽ നിന്നും രണ്ടായി കുറയ്ക്കേണ്ടതുണ്ട്. ഇതിനായി 8-ാം വകുപ്പിന്റെ (3)-ഉം (4)-ഉം ഉപവകുപ്പുകളിലും (4)-ാം ഉപവകുപ്പിന് ശേഷമുള്ള ക്ലിപ്ത നിബന്ധനയിലും ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചു.

നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, കേരള ഗവർണ്ണർ 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് 2013 മേയ് 16-ാം തീയതി വിളംബരപ്പെടുത്തുകയും, അത് 2013-ലെ 38-ാം നമ്പർ ഓർഡിനൻസായി 2013 മേയ് 17-ാം തീയതിയിലെ 1373-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2013-ലെ 38-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് 228-ാം നമ്പർ ബില്ലായി ഒരു ബിൽ പ്രസിദ്ധീകരിച്ചുവെങ്കിലും 2013 ജൂൺ 10-ാം തീയതി ആരംഭിച്ച് 2013 ജൂലൈ 9-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 41) ഗവർണ്ണർ 2013 ജൂലൈ 18-ാം തീയതി വിളംബരപ്പെടുത്തുകയും അത് 2013-ലെ 41-ാം നമ്പർ ഓർഡിനൻസായി 2013 ജൂലൈ 19-ാം തീയതിയിലെ 2102-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2013-ലെ ഓർഡിനൻസ് നമ്പർ 41-ന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. ബാബു

## 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (2008-ലെ 18-ാം ആക്റ്റ്)

** ** ** **

8. <u>കമ്മീഷന്റെ സിറ്റിംഗുകൾ.</u>—(1) ** **

** ** ** **

(3) കമ്മീഷന്റെ സിറ്റിംഗിനുള്ള ക്വാറം മൂന്ന് ആയിരിക്കുന്നതാണ്.

(4) കമ്മീഷന് ഉചിതമെന്ന് തോന്നുന്ന സംഗതിയിൽ മൂന്നോ അതിലധികമോ അംഗങ്ങൾ ഉൾപ്പെടുന്ന ബെഞ്ച് രൂപീകരിച്ചുകൊണ്ട് ജില്ലകളിൽ സിറ്റിംഗ് നടത്താവുന്നതാണ്:

എന്നാൽ, അങ്ങനെ രൂപീകരിക്കപ്പെടുന്ന ബെഞ്ചിൽ കമ്മീഷൻ അംഗമായ മത്സ്യത്തൊഴിലാളി പ്രതിനിധി ഉണ്ടായിരിക്കേണ്ടതാണ്.

** ** ** **